# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4295** **28.06.2012 ൽ മറുപടിക്ക്**

**സാക്ഷരതാ മിഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ.പി. സി. വിഷ്ണുനാഥ്. | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>( വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാന സാക്ഷരതാ മിഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | (എ) | പരിപൂർണ്ണ സാക്ഷരത കൈവരിക്കൽ, സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസപരിപാടി, തുല്യത 5, 8, 10 ക്ലാസ്സുകൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, തൊഴിൽ പരിശീലനം, നവസാക്ഷര ലൈബ്രറി, കലാകായിക പരിശീലനവും മത്സരവും, വികസനോന്മുഖ തുടർവിദ്യാഭ്യാസ പരിപാടി, സാങ്കേതിക വിദ്യാഭ്യാസ തുല്യതാപ്രവർത്തനം, സ്ത്രീ ശാക്തീകരണം എന്നിവയാണ് ഇതിനായി നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ. |
| (ബി) | വികസനത്തിലധിഷ്ഠിതമായ പുതിയ ആജീവന വിദ്യാഭ്യാസത്തിന് രൂപം നൽകുന്ന കാര്യം പരിഗണിക്കുമോ; | (ബി) | വികസനത്തിലധിഷ്ഠിതമായ പുതിയ ആജീവനവിദ്യാഭ്യാസ പദ്ധതി നടപ്പിൽ വരുത്തുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള സാക്ഷരതാമിഷന്റെ വിഷനും ഭാവി സാധ്യതകളടങ്ങിയ പരിപ്രേക്ഷ്യവും തയ്യാറാക്കി വരികയാണ്. |
| (സി) | വികസനത്തിന് കൂടുതൽ കരുത്ത് പകരുവാൻ സാക്ഷരതാ മിഷനെ പ്രയോജനപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ; | (സി) | ഇതിനായി സാക്ഷരതാ മിഷൻ പുതിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ